## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4362 25.06.2019 ൽ മറുപടിക്ക്**

**കരുവന്തല-ചക്കംക്കണ്ടം റോഡ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ കരുവന്തല-ചക്കംക്കണ്ടം റോഡ്, പൊതുമരാമത്ത് വകുപ്പ് എന്നാണ് ഏറ്റെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (എ) 23.11.2004-ലെ G.O (Rt) No. 1172/2004/PWD പ്രകാരം കരുവന്തല - ചക്കംകണ്ടം റോഡ് എം.ഡി.ആർ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിനായി എത്ര മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പ് ഭൂമി ഏറ്റെടുത്തിട്ടില്ല. പ്രസ്തുത റോഡ് വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി, തൈക്കാട് (ഇപ്പോൾ ഗുരുവായൂർ നഗരസഭയുടെ ഭാഗം) പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്നു. 8 മീറ്റർ സ്ഥലം ലഭ്യമാക്കാമെന്ന് പ്രസ്തുത പഞ്ചായത്തുകൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പ് റോഡ് ഏറ്റെടുത്തിട്ടുള്ളത്. |
| (സി) 2016-17 ബജറ്റിൽ ഈ റോഡിനായി ഏത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദീകരിക്കുമോ; | (സി) 2016-17 ബഡ്ജറ്റിൽ 35 കോടി രൂപ കരുവന്തല - ചക്കംകണ്ടം റോഡിനായി മാറ്റിവച്ചു. ആയതിൻപ്രകാരം തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. എന്നാൽ 2017-18 ബഡ്ജറ്റിൽ (സ്പെഷ്യൽ സാങ്ഷനിൽ) ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) റോഡിനായി ബജറ്റിൽ വകയിരുത്തിയ തുക മറ്റ് ഏതെങ്കിലും പ്രവൃത്തികൾക്കായി വക മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) കരുവന്തല - ചക്കംകണ്ടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് പകരം പെരുമ്പുഴ - ഒന്നും രണ്ടും പാലവും കണ്ടശ്ശാംകടവ് പാലവും നിർമ്മിക്കണമെന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**